# ഡയറ്റ് വയനാട്

# സാഫല്യം

### പത്താം ക്ലാസ് തുല്യത നേടുന്നതിനുള്ള സമഗ്ര പിന്തുണ

### ആമുഖം

വിദ്യാഭ്യാസം കുട്ടിയുമട അവകാശമായി അംഗീകരിച്ച രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. വിദ്യാഭ്യാസ കാലത്ത് പല വിധ കാരണങ്ങളാൽ പഠനം പൂർത്തീകരിക്കാൻ കഴിയാതെ പോയ നിരവധിപേർ നമുക്കു ചറ്റുമുണ്ട്. അവരെ സംബന്ധിച്ചിടത്തോളം പത്താംതരം വിജയിക്കുക എന്നത് ആവശ്യവും അഭിലാഷവുമാണ്. ഈ ആഗ്രഹ സാഫല്യത്തിനുള്ള അവസരമാണ് പത്താം ക്ലാസ് തുല്യതാ പരീക്ഷയിലൂടെ ലഭിക്കുന്നത്. കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടത്തുന്ന ഈ വിദ്യാഭ്യാസ സംരംഭം വലിയ സാമൂഹ്യമാനങ്ങളുള്ളതാണ്. വയനാട് ജില്ലയിലെ തുല്യതാ പരിപാടിക്കു കരുത്തും ഗതിവേഗവും പകരുക എന്നതാണ് 'സാഫല്യം' കൊണ്ടു ലക്ഷ്യമാക്കുന്നത്. ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രത്തിന്റെ തുടർവിദ്യാഭ്യാസ ഫാക്കൽറ്റി (DRU) യുടെ നേതൃത്വത്തിലായിരിക്കും 'സാഫല്യം' പരിപാടികൾ നടപ്പിലാക്കുക.

**പശ്ചാത്തലം**

2014 സെപ്തംബറിൽ നടക്കുന്ന പത്താംക്ലാസ് തുല്യതാ പരീക്ഷയ്ക്കായി 1500 പേർ രജിസ്റ്റർ ചെയ്തിരുന്നെങ്കിലും ക്ലാസുകളിൽ തുടർച്ചയായി ഹാജരാവുകയും നിരന്തരമൂല്യനിർണയ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്ത് പരീക്ഷയിൽ പങ്കെടുക്കാൻ തയ്യാറായവർ 725 പേർ മാത്രമേയുള്ളൂ. വലിയ ആഗ്രഹത്തോടെ പത്താംക്ലാസ് തുല്യതാ സർട്ടിഫിക്കറ്റ് നേടാനായി മുന്നോട്ട് വന്നവരിൽ 50% ലധികം പേർ കൊഴിഞ്ഞു പോയിരിക്കുന്നു. ആവശ്യമായ പിന്തുണയും മോണിറ്ററിഗും ഇടപെടലും ഇല്ലാത്തതും ഇതിനൊരു കാരണമാണ്. ജില്ലയിലെ പത്താം ക്ലാസ് പൂർത്തിയാക്കാത്ത മുഴുവൻ പേരെയും തുല്യതാ പരീക്ഷയ്ക്ക് ഒരുക്കുകയും അതിനാവശ്യമായ സമഗ്രപിന്തുണ നൽകുകയും ചെയ്യുന്ന വിപുലമായ പരിപാടികൾ വരും വർഷങ്ങളിൽ ഏറ്റെടുക്കേണ്ടതുണ്ട്.

**അവസ്ഥാവിശകലനം**

പത്താം ക്ലാസ് തുല്യതാപരീക്ഷ എഴുതുന്നത് വ്യത്യസ്ത വിദ്യാഭ്യാസ നിലവാരത്തിൽ പെട്ടവരാണ്.

- 4-ാം ക്ലാസ്, 7-ാംക്ലാസ് തുല്യതാ പരീക്ഷകൾ വിജയിച്ച് വന്നവർ
- ഒന്നുമുതൽ ഒമ്പതു വരെയുള്ള ക്ലാസുകൾക്കിടയിൽ പഠനം നിർത്തിയവർ.
- പത്താക്ലാസിൽ തോറ്റു പഠനം നിർത്തിയവർ.
- പത്താക്ലാസിലും താഴെയുള്ള വിദ്യാഭ്യാസം യോഗ്യതയായി കണക്കാക്കിയിട്ടുണ്ടായിരുന്ന ജോലികളിൽ ഏർപ്പെട്ടവർ.

ഇവരുടെ വിദ്യാഭ്യാസ നിലവാരം, പഠന സന്നദ്ധത, സാമൂഹ്യ കുടുംബ പശ്ചാത്തലം, പഠിക്കാനുള്ള കഴിവ് തുടങ്ങിയ നിരവധി ഘടകങ്ങളിൽ വ്യത്യാസങ്ങളുണ്ട്. എന്നാൽ ഇതൊന്നും പരിഗണിച്ചു കൊണ്ടുള്ള ഊർജ്ജിതമായ പിന്തുണാ സംവിധാനം ഇപ്പോഴുമില്ല. രണ്ടാം ശനിയും ഞായറുമാണ് ക്ലാസ് ദിനങ്ങൾ. ഒരു വിഷയത്തിൽ ഒരു ക്ലാസ് ലഭിച്ചാൽ അതിന്റെ ബാക്കിയുള്ള ക്ലാസ് ലഭിക്കുന്നത് രണ്ടു മാസം കഴിഞ്ഞായിരിക്കും. പഠിതാക്കളെ സംബന്ധിച്ചിടത്തോളം ഒറ്റപ്പെട്ട ഈ ക്ലാസുകൾക്ക് തുടർച്ചയോ സമഗ്രതയോ അനുഭവപ്പെടുന്നില്ല. പരീക്ഷയെഴുതാനുള്ള ആവേശവും ആത്മവിശ്വാസവും വളർത്തിയെടുക്കാൻ കഴിയാത്തതായിരിക്കും വലിയ തോതിലുള്ള കൊഴിഞ്ഞു പോക്കിനു കാരണമാകുന്നത്. കഴിഞ്ഞ വർഷത്തെ വിജയശതമാനവും താരതമ്യേന കുറവാണ്. പഠിതാക്കളുടെ നേതൃത്വത്തിൽ പഠനക്യാമ്പ നടത്തിയ സ്ഥലങ്ങളിൽ 100% വിജയമുണ്ടായി എന്നത് ലഘുവായി ചില സൂചനകൾ തരുന്നുണ്ട്. ഡയറ്റിന്റെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്ത്, സാക്ഷരതാ മിഷൻ എന്നിവരുമായി ചേർന്ന് സമഗ്രമായ പിന്തുണാ പ്രവർത്തനങ്ങളും മോണിറ്ററിംഗും ഉറപ്പുവരുത്തിയാൽ ജില്ലയിലെ പത്താം ക്ലാസ് തുല്യതാ പരിപാടിക്ക് കൂടുതല കരുത്തും, ഗതിവേഗവും നൽകാൻ സാധിക്കും.

**'സാഫല്യം' ഉദ്ദേശ്യങ്ങൾ**

1. ജില്ലയിലെ മുഴുവൻ പേരെയും പത്താംക്ലാസ് നിലവാരത്തിലെത്തിക്കുക എന്ന ദീർഘകാല പ്രവർത്തന പരിപാടി രൂപീകരിക്കുക.
2. തുല്യതാ പഠിതാക്കൾക്ക് ആവശ്യമായ പഠന സാമഗ്രികൾ, ക്ലാസുകൾ, പിന്തുണകൾ എന്നിവ ഉറപ്പുവരുത്തി ആത്മവിശ്വാസം വളർത്തുക.
3. എല്ലാ തുല്യതാ പഠിതാക്കളും പത്താം ക്ലാസ് തുല്യത നേടുന്നതിനുള്ള ഊർജ്ജിതമായ പരിപാടികൾ പ്രാദേശിക തലത്തിൽ സംഘടിപ്പിക്കുക.
4. പഠിതാക്കൾക്ക് ക്ലാസ് നൽകുന്ന അധ്യാപകർക്കു കൂടുതൽ ധാരണയും കഴിവും നൽകുന്നതിനുള്ള പരിശീലനങ്ങൾ നൽകുക.
5. പരീക്ഷ എഴുതുന്ന രീതി അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ സ്വീകരിക്കേണ്ട തന്ത്രങ്ങൾ എന്നിവയിൽ പഠിതാക്കൾക്കു പ്രത്യേക പരിശീലനം നൽകുക.
6. തുല്യതാ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പഠന സാമഗ്രികൾ പരിപാടികൾ എന്നിവ രൂപീകരിക്കുകയും പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് നടത്തുകയും ചെയ്ത് ഗൗരവ സ്വഭാവം വളർത്തുക.

**സാഫല്യം പ്രവർത്തനപരിപാടികൾ**

1. ജില്ലയിലെ പത്താംക്ലാസ് തുല്യതാ പരിപാടിക്ക് കൂടുതൽ വിശാലമായ ലക്ഷ്യങ്ങളും കൂടുതൽ ഉണർവ്വുള്ള പ്രവർത്തന പരിപാടിയും തയ്യാറാക്കുക.
2. ജില്ലാ പഞ്ചായത്ത്, സാക്ഷരതാ സമിതി, ലൈബ്രറി കൗൺസിൽ സന്നദ്ധ സംഘടനകൾ, റിട്ടയർ ചെയ്ത അധ്യാപകർ, സൂമൂഹ്യ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ജില്ലാ കോർ ഗ്രൂപ്പ് രൂപീകരിക്കുക.
3. സൗകര്യപ്രദമായ കേന്ദ്രങ്ങളിൽ പ്രാദേശിക പഠനക്കൂട്ടങ്ങൾ രൂപീകരിച്ച് പഠനനേരം ഉറപ്പുവരുത്തുക. സംഘാടനം മോണിറ്ററിംഗ് എന്നിവ ആ പ്രദേശത്തുള്ള വായനശാല, ക്ലബ്ബുകള, കുടുംബശ്രീ, സാമൂഹ്യസേവന തൽപരർ എന്നിവരെ ചുമതലപ്പെടുത്തു.
4. ഓരോ പഠിതാവിനെയും സഹായിക്കാൻ കഴിവുള്ള ഒന്നോ അതിലധികമോ പേരെ കണ്ടെത്തി Peer Grouping നടത്തുക.
5. പഠിതാക്കൾക്ക് പരീക്ഷയെ അഭിമുഖീകരിക്കാൻ ആവശ്യമായ പരിശീലനം നൽകുക. ചോദ്യമാതൃകകൾ, ചോദ്യ ബാങ്ക്, ഓരോ യൂണിറ്റി ആപേക്ഷിക പ്രാധാന്യം എന്നിവ പരിചയപ്പെടുത്തു.
6. പഠിതാക്കൾക്ക് ക്ലാസ് നൽകുന്ന അധ്യാപകർ, അധ്യാപകർക്ക് പരിശീലനം നൽകാനുള്ള റിസോഴ്സ് പേഴ്സൺ എന്നിവരുടെ ശില്പശാലയും പരിശീലനവും നടത്തുക.
7. ആഗസ്റ്റ് മാസത്തിൽ ജില്ലയിലെ തുല്യതാ പരീക്ഷ സംബന്ധിച്ച ഒരുക്കങ്ങൾ മോണിറ്റർ ചെയ്യുക. വരും വർഷത്തേക്കുള്ള പഠനസാമഗ്രികളും പ്രവർത്തന തന്ത്രങ്ങളും രൂപീകരിക്കുക.
8. ആഗസ്റ്റ് മാസത്തിൽ മോഡൽ പരീക്ഷയ്ക്കുള്ള ചോദ്യപേപ്പർ തയ്യാറാക്കി എല്ലാ പഠിതാക്കൾക്കും 'മോഡൽ പരീക്ഷ' നടത്തുക.
9. സെപ്തംബർ മാസത്തിൽ നടക്കുന്ന തുല്യതാ പരീക്ഷാ നടത്തിപ്പ് മോണിറ്റർ ചെയ്യുക.
10. ജില്ലാ കോർ ഗ്രൂപ്പ്, മോണിറ്ററിംഗ് സമിതി, റിസോഴ്സ് പേഴ്സൺ, അധ്യാപകർ എന്നിവരുടെ ഫീഡ് ബാക്ക് ശേഖരിക്കുകയും അടുത്ത വർഷത്തേക്കുള്ള സാമഗ്രികൾ, പരിപാടികൾ എന്നിവ തയ്യാറാക്കുകയും ചെയ്യുക.

ഡോ.എം.വി.മുകുന്ദൻ

പ്രിൻസിപ്പാൾ, ഡയറ്റ് വയനാട്